പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3135  20.12.2012 ൽ മറുപടിക്ക്

## കണ്ണൂർ ജില്ലയിൽ വകുപ്പ് ഏറ്റെടുത്ത ഗ്രാമീണ റോഡുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ.പി. ജയരാജൻ : | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പു മന്ത്രി) |
| (എ) 2011-2012, 2012-2013 വർഷങ്ങളിൽ സംസ്ഥാനത്തെ എത്ര കിലോമീറ്റർ ഗ്രാമീണ റോഡുകൾ മരാമത്തു വകുപ്പ് ഏറ്റെടുക്കുകയുണ്ടായി; വ്യക്തമാക്കുമോ ; | (എ) 8570 കി.മീ. റോഡുകൾ മേജർ ജില്ലാറോഡുകളായി പ്രഖ്യാപിച്ച് പൊതുമരാമത്ത് വകുപ്പിന് കീഴിൽ കൊണ്ടു വന്നിട്ടുണ്ട്. |
| (ബി) കണ്ണൂർ ജില്ലയിൽ ഇക്കാലയളവിൽ എത്ര കിലോമീറ്റർ ഗ്രാമീണ റോഡുകൾ മരാമത്ത് വകുപ്പ് ഏറ്റെടുക്കുകയുണ്ടായി; ഏതെല്ലാം; വ്യക്തമാക്കുമോ ; | (ബി) കണ്ണൂർ ജില്ലയിൽ 560.041 കി.മീ. ഗ്രാമീണ റോഡുകളെ മേജർ ജില്ലാ റോഡുകളായി പ്രഖ്യാപിച്ചിട്ടുണ്ട്. പട്ടിക അനുബന്ധമായി ചേർക്കുന്നു. |
| (സി) ഇങ്ങനെ ഏറ്റെടുത്ത റോഡുകൾ അഭിവൃദ്ധിപ്പെടുത്തുന്നതിന് പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ ; ഏതെല്ലാം റോഡുകൾക്കാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി ഫണ്ട് അനുവദിച്ചത്; വ്യക്തമാക്കുമോ ? | (സി) 2012-13 -ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ഇത്തരം റോഡുകളിലെ പ്രവൃത്തികൾക്കായി 50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. അതനുസരിച്ച് വിവിധ ജില്ലകളിലെ പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള എസ്റ്റിമേറ്റുകൾ സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്